വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*:

(എ) — (സി) കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണവകുപ്പിന്റെ ആഭിമുഖ്യത്തിൽ സീനിയർ സിറ്റിസൺസിന് ഇളവുകൾ നൽകുന്ന പദ്ധതികൾ ഇപ്പോൾ പ്രാവർത്തികമായിട്ടില്ല. എന്നാൽ സംസ്ഥാനത്തെ വയോജനനയത്തിന്റെ കരട് രൂപം സർക്കാർ പരിശോധിച്ചുവരുന്നു.

സംസ്ഥാന വയോജനനയം സംബന്ധിച്ച കരട് രൂപരേഖയിൽ 60-ന് മേൽ പ്രായമുള്ളവർക്ക് സൗജന്യ വൈദ്യസഹായം, ബസ്സുകളിൽ യാത്രാസൗജന്യവും സൗകര്യങ്ങളും, സൗജന്യ നിയമസഹായം, നിയമപരിരക്ഷ, പെൻഷൻ ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം, ആരോഗ്യ ഇൻഷ്വറൻസ്, സൗജന്യ കൗൺസലിംഗ്, മാനസിക ഉല്ലാസത്തിനുള്ള പദ്ധതികൾ, ഏകാന്തത ഒഴിവാക്കുന്നതിന് സദനങ്ങൾ, പകൽ വീടുകൾ, ആശുപത്രികളിൽ ജെറിയാട്രി വിഭാഗം, ആരോഗ്യസേവന പാക്കേജ്, സൗജന്യ പോഷകാഹാരം, കൂടാതെ സ്ഥാപനപരമായ സംരക്ഷണം ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ വിവിധ പദ്ധതികൾ എന്നിവ വിഭാവനം ചെയ്തിരിക്കുന്നു.

വിദേശത്ത് ജോലി തേടിപ്പോകുന്ന നിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം

*9 [485] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലി തേടിപ്പോകുന്ന നിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടുകൂടിയുള്ള പരിശീലനം ഇവർക്ക് നൽകുന്നതിനായി പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ)*:

(എ) & (ബി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്കും അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

മക്കൾക്കും നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട മറ്റുള്ളവർക്കും നിർമ്മാണ രംഗത്തെ വിവിധ തൊഴിലിൽ ആധുനിക സാങ്കേതിക സൗകര്യത്തോടെ വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുന്നതിന് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഒരു ബിൽഡിംഗ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡ്സുരക്ഷാ കൗൺസിലിന്റെ പ്രവർത്തനം

*10 [486] *പ്രൊഫ. എ. ഡി. മുസ്തഫ:*

„ *കെ. വി. തോമസ്:*

ശ്രീ. ബി. വിജയകുമാർ:

„ *സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ്സുരക്ഷാ കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കൗൺസിലിൽ എത്ര അംഗങ്ങളുണ്ട്;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ കൗൺസിൽ എത്ര പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്;

(ഡി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡ് അപകടങ്ങൾ തടയുന്നതിന് ഈ കൗൺസിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇതിന്റെ ഫലമായി റോഡപകടങ്ങളിൽ എത്രത്തോളം കുറവുണ്ടായി എന്നറിയിക്കാമോ?

ഗതാഗതവകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ):*

(എ) ഉണ്ട്.

(ബി) 36 അംഗങ്ങൾ.

(സി) യോഗം ചേർന്നിട്ടില്ല.

(ഡി) റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും റോഡ് അപകടങ്ങൾക്ക് ഇരയാകുന്നവർക്ക് ട്രോമാകെയർ ഉൾപ്പെടെയുള്ള അടിയന്തിരസഹായം എത്തിക്കുന്നതിനും മറ്റും സ്വീകരിക്കേണ്ടുന്ന കാര്യങ്ങളെ സംബന്ധിച്ച് ക്രിയാത്മകമായ പല

LIBRARY ARCHIVES Kerala Legislative Assembly